## പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2795 19.12.2012-ൽ മറുപടിയ്ക്ക്

### <u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ</u>

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ സ്ക്രാച്ച് ആന്റ് വിൻ കൂപ്പൺ പ്രിന്റ് ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | (എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ സ്ക്രാച്ച് ആന്റ് വിൻ കൂപ്പൺ പ്രിന്റ് ചെയ്യുന്നതിന് മുൻവർഷങ്ങളിൽ ചെയ്തിരുന്നതു പോലെ സർക്കാർ അംഗീകരിച്ച ലോജിസ്റ്റിക്സ് ഏജൻസിയായ ക്രയോൺസ് അഡ്വർടൈസേർസ് ലിമിറ്റഡിനോട് ക്വട്ടേഷനുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഏജൻസി സമർപ്പിച്ച ക്വട്ടേഷനുകളിൽ സെക്യൂർ ഗ്രാഫിക്സ് എന്ന സ്ഥാപനത്തിന്റെ തുക ഏറ്റവും കുറവായ 3 രൂപ 40 പൈസ ആണ്. ജി.കെ.എസ്.എഫിന്റെ ലോജിസ്റ്റിക് ഏജൻസിയായ ക്രയോൺസ് അഡ്വെർടൈസേഴ്സ് ലിമിറ്റഡ് തുക വീണ്ടും കുറച്ച് 2 രൂപ 97 പൈസയ്ക്ക് കൂപ്പൺ പ്രിൻറ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചു. എന്നാൽ ജി.കെ.എസ്എഫിൽ രൂപീകരിച്ച നെഗോസിയേഷൻ കമ്മറ്റി എസ്റ്റിമേറ്റ് പരിശോധിക്കുകയും |

ഏജൻസിയുമായി ധാരണയായതിന്റെ ഫലമായി ഒരു കൂപ്പൺ പ്രിന്റിംഗ് ചാർജ് 2 രൂപ 80 പൈസയായി കുറക്കുകയും അതനുസരിച്ച് വർക്ക് ഓർഡർ കൊടുക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര ക്വട്ടേഷനുകൾ ലഭിച്ചുവെന്നും സ്ഥിരപ്പെടുത്തിയ ക്വട്ടേഷൻ ഏതായിരുന്നുവെന്നും വെളിപ്പെടുത്തുമോ ; | (ബി) | ഇതിനായി മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചു. അതിൽ മുംബൈയിലെ സെക്യൂർ ഗ്രാഫിക്സ് സമർപ്പിച്ച ക്വട്ടേഷൻ തുകയായ 3 രൂപ 40 പൈസയാണ് ഏറ്റവും കുറഞ്ഞത്. ജി.കെ.എസ്.എഫിന്റെ നെഗോസിയേഷൻ കമ്മറ്റി ടി തുക കുറച്ച് 2 രൂപ 80 പൈസയ്ക്ക് കൂപ്പൺ പ്രിൻറ് ചെയ്യുന്നതിന് തീരുമാനിക്കുകയും സർക്കാർ അംഗീകരിച്ച ജി.കെ.എസ്. എഫിന്റെ ലോജിസ്റ്റിക്സ് ഏജൻസി ആയ ക്രയോൺസ് അഡ്വർടൈസിംഗ് ഏജൻസി മുഖാന്തിരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. |
| (സി) | ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ ഏതായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ മുംബൈയിലെ സെക്യൂർ ഗ്രാഫിക്സ് സമർപ്പിച്ച ക്വട്ടേഷൻ ആയിരുന്നു. |

സെക്ഷൻ ഓഫീസർ